## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 3516** **19.10.2016 ന് മറുപടിയ്ക്ക്**

### ലഹരി വസ്തു വിൽപ്പന ലോബികൾക്കെതിരായുള്ള ബോധവത്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വസ്തു വിൽപ്പന ലോബികൾ പ്രവർത്തിക്കുന്നതിനെതിരെ രക്ഷിതാക്കളെയും കുട്ടികളെയും ബോധവത്ക്കരിക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുന്നതിന് പദ്ധതികൾ ഉണ്ടോ? | (എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കളുടെ ദൂഷ്യ വശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന ത്തൊട്ടാകെ 1735 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശനം നടത്തിയും, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ പരാതി പ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കു ന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹ നാർത്ഥം സംസ്ഥാനതലത്തിൽ സ്കൂളുകളിൽ മികച്ച ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | നടത്തുന്ന ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി വരുന്നു. നൂറിലധികം സ്കൂളുകളിൽ എക്സൈസ് കമ്മീഷണർ നേരിട്ടു ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ അവരുടെ അധികാര പരിധിയിൽപ്പെട്ട സ്കൂളുകളിൽ ആഴ്ചയിൽ രണ്ട് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**